(സി) ഇപ്രകാരം സർക്കാരിന് ലഭിക്കേണ്ട തുക ഈടാക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ക്യാന്റീൻ കോളേജിന്റെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കരാർ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തി നടത്തുന്ന ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കുംവേണ്ടിയുള്ള പ്രസ്തുത ക്യാന്റീന് സർക്കാർ ചെലവിൽ വൈദ്യുതിയും, വെള്ളവും സൗജന്യമായാണ് നൽകിയിട്ടുള്ളത്. വാടക സൊസൈറ്റിയാണ് പിരിച്ചുവരുന്നത്. കൂടാതെ ക്യാന്റീനിൽ നിന്നുള്ള വരുമാനം സൊസൈറ്റിക്കാണ് ലഭിച്ചുവരുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പേവിഷബാധിതരെ സൂക്ഷിച്ച് ചികിത്സിക്കുവാനുള്ള സെല്ലുകൾ

153 [2591] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പേവിഷബാധിതരെ സൂക്ഷിച്ച് ചികിത്സിക്കുവാൻ എത്ര സെല്ലുകൾ ഉണ്ട്;

(ബി) ഏതു വിധത്തിലുള്ള പേവിഷബാധിതരെയാണ് ഈ സെല്ലുകളിൽ അടയ്ക്കുന്നത്;

(സി) അവിടെ എത്തുന്ന രോഗികൾ പേവിഷബാധയേറ്റവരാണെന്ന് അറിയുന്നത് എപ്രകാരമാണ്;

(ഡി) അത് അറിയുന്നതിനുള്ള ശാസ്ത്രീയ ഉപാധികൾ അവിടെ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) തോന്നയ്ക്കൽ വിളയിൽ വീട്ടിൽ രമ എന്ന സ്ത്രീയെ 2005 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പേവിഷബാധയ്ക്ക് ചികിത്സിക്കുന്നതിനായി പ്രവേശിപ്പിച്ചിരുന്നോ;

(എഫ്) പേവിഷബാധ ഏറ്റ് ആക്രമണ സ്വഭാവം കാണിക്കുന്നവരുടെ സെല്ലിൽ രമയെ പാർപ്പിച്ചിരുന്നോ;

(ജി) ഈ സെല്ലിൽ അവരുടെ ഭർത്താവിനെ കിടത്തിയിരുന്നോ; എങ്കിൽ എന്തുകൊണ്ട്?

GPM. 2/588/2012—23

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ട് സെല്ലുകൾ.

(ബി) റാബീസ് ഹൈഡ്രോഫോബിയ (പേപ്പട്ടിവിഷബാധ) രോഗം സംശയിക്കത്തക്കവണ്ണമുള്ള രോഗലക്ഷണങ്ങൾ ഉള്ളവരെ ചികിത്സിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഇതുകൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ ജനറൽ വാർഡിലുള്ള മറ്റുരോഗികൾക്ക് ഭയവും ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനുമായും പേവിഷബാധയുടെ രോഗലക്ഷണങ്ങൾ ഉണ്ടെന്ന് സംശയിക്കുന്നവരെ ഈ സെല്ലുകളിൽ മാറ്റി താമസിപ്പിക്കാറുണ്ട്.

(സി) നിലവിലുള്ള സൗകര്യങ്ങൾവച്ച് രോഗലക്ഷണങ്ങൾ നിരീക്ഷിച്ചു മാത്രമേ രോഗബാധിതരുടെ രോഗം സ്ഥിരീകരിക്കുവാൻ കഴിയുകയുള്ളൂ. നിശ്ചിത കാലയളവിലുള്ള നിരീക്ഷണം രോഗ നിർണ്ണയത്തിന് അത്യാവശ്യമാണ്.

(ഡി) ഇല്ല. അറിവിൽപ്പെട്ടിടത്തോളം നമ്മുടെ സംസ്ഥാനത്തിലൊരിടത്തും ഇതിനായുള്ള സംവിധാനങ്ങൾ ലഭ്യമല്ല.

(ഇ) പ്രവേശിപ്പിച്ചിരുന്നു.

(എഫ്) നിരീക്ഷണത്തിനായി റാബീസ് ഐസൊലേഷൻ വാർഡിൽ കിടത്തിയിരുന്നു

(ജി) ഇല്ല.

കെട്ടിടങ്ങൾക്ക് ആഡംബര നികുതി

154 [2592] *ശ്രീ. സി. ടി. അഹമ്മദ്അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് ആഡംബര നികുതി ചുമത്തുന്നതിനുള്ള തറവിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഏതെല്ലാം ഭാഗങ്ങളാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ കണക്കാക്കുന്ന രീതിയനുസരിച്ച് തറവിസ്തീർണ്ണം ഉള്ളതിനേക്കാൾ വളരെ കുറച്ചാണ് കണക്കാക്കുന്നതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തറവിസ്തീർണ്ണം ഉള്ളതുപോലെ കണക്കാക്കുവാനും ആഡംബര നികുതി ഒറ്റത്തവണയായി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly